No. **CEE/4900/PGM-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001

# പത്രക്കുറിപ്പ്

## പി.ജി.മെഡിക്കൽ/ഡന്റൽ കോഴ്സിലേയ്ക്കുളള പ്രവേശനം 2020

## അപേക്ഷകർക്ക് നിശ്ചിത രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനവസരം

കേരളത്തിലെ വിവിധ സർക്കാർ, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 2020–21 അധ്യയന വർഷത്തെ പി.ജി. മെഡിക്കൽ/ ദന്തൽ കോഴ്സുകളിലേയ്ക്കുളള പ്രവേശനത്തിനായി അപേക്ഷസമർപ്പിച്ച വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷയിൽ നേറ്റിവിറ്റി, നാഷണാലിറ്റി, ഒപ്പ്, ജനനതീയതി എന്നിവ സംബന്ധിച്ച ന്യൂനതകൾ ഇനിയും പരിഹരിച്ചിട്ടില്ലാവർക്ക് അവ പരിഹരിക്കുന്നതിന് **09.06.2020 മുതൽ 17.06.2020 വൈകുന്നേരം 5.00 മണി** വരെ സമയം അനുവദിക്കുന്നതാണ്. എന്നാൽ കമ്മ്യൂണിറ്റി/കാറ്റഗറി വിഭാഗം വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ നൽകിയിട്ടുളള വിവരങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിനോ ഇതുമായി ബന്ധപ്പെട്ട പുതിയ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനോ ഉളള അവസരം ഇനി ലഭിക്കുന്നതല്ല. **NRI** വിഭാഗം വിദ്യാർത്ഥികൾക്ക് അവരുടെ ഓൺലൈൻ അപേക്ഷയിൽ ന്യൂനതകൾ കോവിഡ് 19 നെ തുടർന്നുളള സാഹചര്യത്തിൽ പരിഹരിക്കാനായിട്ടില്ലായെങ്കിൽ അവയും ഈ അവസരത്തിൽ പരിഹരിക്കാവുന്നതാണ്.

മേൽ പറഞ്ഞ വിഭാഗങ്ങളിലെ വിവരങ്ങൾ സംബന്ധിച്ച ന്യൂനതകൾ തുടർന്നും പരിഹരിച്ചില്ലെങ്കിൽ അവരുടെ ഓൺലൈൻ അപേക്ഷ റദ്ദാക്കപ്പെടുകയോ **NRI** വിഭാഗം അപേക്ഷാർത്ഥികളെ ആ വിഭാഗത്തിലേയ്ക്ക് പരിഗണിക്കാൻ സാധിക്കാതെ വരുകയോ ചെയ്യാം. ഇത്തരത്തിൽ ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികൾക്ക് ആദ്യഘട്ട വെർചൽ അലോട്ട്മെന്റിലൂടെ പ്രവേശനം ലഭിച്ചിട്ടുണ്ടെങ്കിലും ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ **NRI** വിഭാഗത്തിലുൾപ്പെടെ ലഭിച്ച പ്രവേശനം റദ്ദാക്കപ്പെടുന്നതാണ്.

അപേക്ഷാർത്ഥികൾക്ക് വെബ്സൈറ്റിലെ **'PG Medical 2020-Candidate Portal/ PG Dental 2020-Candidate Portal'** എന്ന ലിങ്കിൽ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Memo'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് **09.06.2020** മുതൽ **17.06.2020 വൈകുന്നേരം 5.00 മണി** വരെ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

**ഹെൽപ്പ് ലൈൻ നം.** 0471 2525300

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
09 .06.2020